പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2487 **27-10-2026-ൽ മറുപടിയ്ക്ക്**

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ പുനരുജ്ജീവനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മനോജ് മൂത്തേടൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) നിക്ഷേപ തട്ടിപ്പ് മൂലവും മറ്റു പല കാരണങ്ങൾ കൊണ്ടും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ പുനർജീവിപ്പിക്കുന്നതിനും നിക്ഷേപ തട്ടിപ്പ് മൂലം സാമ്പത്തിക നഷ്ടം അനുഭവിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപകരെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: നിക്ഷേപ തട്ടിപ്പ് മൂലവും മറ്റു പല കാരണങ്ങൾ കൊണ്ടും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ പുനർജീവിപ്പിക്കുന്നതിനും നിക്ഷേപ തട്ടിപ്പ് മൂലം സാമ്പത്തിക നഷ്ടം അനുഭവിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപകരെ സഹായിക്കുന്നതിനായി വകുപ്പ് തലത്തിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

1. **വിശ്വാസ്**

സഹകരണ മേഖലയിൽ നിലനിൽക്കുന്ന നിക്ഷേപം തിരികെ നൽകാനാകാത്ത അവസ്ഥക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി **'വിശ്വാസ്"** എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

i) വിവിധ കാരണങ്ങളാൽ നിക്ഷേപം തിരികെ നൽകാൻ ആകാതെ പ്രതിസന്ധിയിലായ സഹകരണ സംഘങ്ങളെ കണ്ടെത്തി, അവരുടെ പ്രതിസന്ധിയുള്ള കാരണം തിരിച്ചറിഞ്ഞ് അതിനനുസരണമായി ഓരോ സംഘങ്ങൾക്കും പ്രത്യേക രക്ഷാപാക്കേജ് തയ്യാറാക്കി നിക്ഷേപകർക്ക് അവരുടെ നിക്ഷേപ തുക തിരികെ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ii) അതോടൊപ്പം ഇത്തരത്തിൽ പ്രതിസന്ധിയിലായതിൽ പ്രവർത്തിച്ച് കരകയറാൻ ആകുന്ന സംഘങ്ങൾക്ക് സഹകരണ നിയമ പ്രകാരമുള്ള പുനരുദ്ധാരണ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കി അവരെ പ്രവർത്തന പന്ഥാവിലെത്തിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

iii) സഹകരണ നിയമം വകുപ്പ് 57B പ്രകാരമുള്ള നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് പ്രതിസന്ധിയിലാവുന്ന സംഘങ്ങളിലെ നിക്ഷേപങ്ങൾക്കും വ്യവസ്ഥകൾക്കു വിധേയമായി നിക്ഷേപ തുക നൽകാൻ കഴിയുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

iv) ഇത്തരത്തിൽ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും നിക്ഷേപകർക്ക് തുക നൽകുന്നതിനായി വലിയ ബാദ്ധ്യത വരും എന്നത് കൂടി കണക്കിലെടുത്ത് സംസ്ഥാനത്ത് നിക്ഷേപം സ്വീകരിക്കുന്ന മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗമാകാൻ വേണ്ടിയുള്ള തീവ്രയജ്ഞ പരിപാടിയും ഈ പദ്ധതിയുടെ ഭാഗമാണ്.

2. **കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2025 പരിഷ്കരണം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ, അടിയന്തര സാഹചര്യങ്ങൾ മൂലം പ്രവർത്തന മാന്ദ്യം നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനക്ഷമത വീണ്ടെടുക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകരണ സംഘങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

3. **നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് ധനസഹായം**

സഹകരണ മേഖലയിലുള്ള പൊതുജന വിശ്വാസം ശക്തിപ്പെടുത്തുന്നതിനും, അംഗങ്ങളുടെയും നിക്ഷേപകരുടെയും സമ്പാദ്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള സർക്കാർ നയത്തിന്റെ ഭാഗമായി നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്കുള്ള സർക്കാർ വിഹിതമായി 2026-2027-ലെ ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അർഹമായ നിക്ഷേപങ്ങളുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിനുമാണ് സഹകരണ വകുപ്പ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

4. **റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരണം**

റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4(ബി) യിലെ "വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല" എന്നുള്ള വ്യവസ്ഥയിൽ മാരക രോഗം ബാധിച്ച് മരണപ്പെട്ടവർക്ക് വായ്പ കുടിശ്ശിക പരിഗണിക്കാതെയും മറ്റ് വിധത്തിൽ മരണപ്പെടുന്നവർക്ക് ഒരു വർഷം വരെ വായ്പ കുടിശ്ശിക വന്നാലും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ റിസ്ക് ഫണ്ട് നിയമാവലി ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറായിട്ടുണ്ട്. ധനസഹായത്തിനായി ലഭിച്ച 2760 അപേക്ഷകളിൽ 29.22 കോടി രൂപയുടെ ധനസഹായ വിതരണത്തിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

5. **ആശ്വാസ് 2026**

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലും ബാങ്കുകളിലും തിരിച്ചടവ് മുടങ്ങി കിടക്കുന്ന വായ്പകളും കിട്ടാക്കടങ്ങളും വർദ്ധിച്ചുവരുന്നത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെയും പ്രവർത്തനക്ഷമതയെയും സാരമായി ബാധിച്ച സാഹചര്യത്തിൽ, വായ്പക്കാർക്ക് കടബാധ്യതകളിൽ നിന്ന് ഇളവുകളോടെ ആശ്വാസം നൽകുന്നതിനായി 2026 ജൂൺ 1 മുതൽ 2026 സെപ്റ്റംബർ 30 വരെ "ആശ്വാസ്" ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാനത്തെ 74 ശതമാനത്തിലധികം സഹകരണ സംഘങ്ങൾ 'ആശ്വാസ്' ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായി നടപ്പിലാക്കുകയും, 66,409 കുടുംബങ്ങൾക്ക് തങ്ങളുടെ കടബാധ്യതകളിൽ നിന്ന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

ആകെ തീർപ്പാക്കിയ വായ്പ അക്കൗണ്ടുകളിൽ ഭൂരിഭാഗവും (92.38%) സംഘം തലത്തിൽ നടന്ന അദാലത്തുകൾ വഴിയാണ് സാധ്യമാക്കിയത്. കർഷകർക്കും സാധാരണക്കാർക്കും ആശ്വാസമായി ₹43,955 (നാൽപത്തിമൂന്നായിരത്തി തൊള്ളായിരത്തി അൻപത്തി അഞ്ച്) ലക്ഷത്തിലധികം രൂപയുടെ ഇളവുകൾ നൽകിയതോടൊപ്പം, സഹകരണ ബാങ്കുകൾക്ക് ₹2152.76 കോടി രൂപയുടെ കുടിശ്ശിക വിജയകരമായി തിരിച്ചുപിടിക്കാനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.

<u>മറ്റു വകുപ്പുതല പ്രവർത്തനങ്ങൾ</u>

- ക്രമക്കേടുകളിലൂടെ സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഭരണസമിതി അംഗങ്ങൾ/ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയെ അഴിമതി, ക്രമക്കേട്, പണാപഹരണം എന്നിവയിൽ നിന്നും മുക്തമാക്കി സംരക്ഷിക്കുന്നതിനായി കേരളം സഹകരണ സംഘം നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള അന്വേഷണങ്ങളും, പരിശോധനകളും ഊർജ്ജിതപ്പെടുത്തും. ഈ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ട തുക ഈടാക്കി എടുക്കുന്നതിനുള്ള സർചാർജ്ജ് നടപടികൾ പൂർത്തിയാക്കുന്നതിനായും ഇതുമായി ബന്ധപ്പെട്ട് കേസ് നടപടികൾ തീർപ്പാക്കുന്നതിനുമായി സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ സർചാർജ്ജ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.
- ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലെ പ്ലാനിംഗ് അസ്സിസ്റ്റന്റ് രജിസ്ട്രാർമാർ, ഇൻസ്പെക്ടർമാർ, സെയിൽ ഓഫീസർമാർ ഇവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ സഹകരണ വകുപ്പ് നടത്തി വരുന്നു.
- സഹകരണ സംഘങ്ങളിലെ പ്രവർത്തനങ്ങൾ അഴിമതിരഹിതവും, സുതാര്യവും ആക്കുന്നതിനും, വിജിലൻസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ വിജിലൻസിന്റെ 3 മേഖല ആഫീസുകൾക്കുമായി 3 പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്.
- സാമ്പത്തിക ക്രമക്കേടുകൾ മൂലം നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി **ബഡ്സ് ആക്ട്** പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.
- വായ്പയെടുത്ത് കുടിശ്ശിക ആയതിനെ തുടർന്ന് യഥാസമയം വായ്പ തുക തിരികെ അടയ്ക്കാത്ത വായ്പക്കാർക്ക് എതിരെ ആർബിട്രേഷൻ ആന്റ് എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ച് കുടിശ്ശിക വായ്പകൾ ഈടാക്കി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്നതിലേക്കായി റവന്യൂ റിക്കവറി പോർട്ടൽ വഴി റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ